# SMF പ്രീമാരിറ്റൽ കോഴ്സ്

കാലം വളരെയേറെ മാറിക്കഴിഞ്ഞിരിക്കുന്നു. എളുപ്പം പ്രകോപിതരും പ്രചോദിതരുമാകുന്ന സാഹചര്യങ്ങളാണ് നിലവിലുള്ളത്. ചിന്തയും മനസ്സും ഏകോപിപ്പിച്ച് വേണം കാലത്തിന്റെ വെല്ലുവിളികൾക്കിടയിൽ ഒരാൾക്ക് മനഃസമാധാനം ലഭ്യമാവാൻ. കുട്ടികളിലും കുടുംബത്തിലും അതിനുവേണ്ടിയുള്ള ശാക്തീകരണങ്ങളും പരിശീലനങ്ങളും അനിവാര്യമായിരിക്കുന്നു.

ഇന്നത്തെ കുടുംബജീവിതത്തേയും ഇത്തരത്തിലുള്ള പരിസരങ്ങൾ അലോസരമാക്കിതീർക്കുന്നു. അസ്വസ്ഥതകളെ അഭിമുഖീകരിക്കാനാവാത്ത അവസ്ഥയും അവ നൽകുന്ന സമ്മർദ്ദങ്ങളും ഭാര്യ ഭർത്താക്കൻമാർക്കിടയിൽ ഭിന്നിപ്പുകൾ ഉണ്ടാക്കുന്നു. കുട്ടികളുടെ വളർച്ചയേയും മനോനിലയേയും ഇത് ബാധിക്കുന്നു. ചുരുക്കത്തിൽ ഭദ്രമല്ലാത്ത നമ്മുടെ കുടുംബ പാശ്ചാത്തലങ്ങളിൽ സാമൂഹ്യ ജീർണ്ണതകൾക്ക് എളുപ്പം ഇടം ലഭിക്കുന്നു. ചെറുനാളിലെ പഠിപ്പിക്കപ്പെടുന്ന മതവും മതരീതികളും പലർക്കും വേണ്ടപോലെ ഉൾക്കൊള്ളാൻ സാധിക്കാതെവരുന്നു.

ഈഘട്ടത്തിലാണ് സുന്നി മഹല്ല് ഫെഡറേഷൻ സുഭദ്രമായ കുടുംബങ്ങളെ കുറിച്ച് ആലോചിക്കുന്നത്. കുടുംബകം സുഭദ്രമായാൽ നമ്മുടെ മഹല്ലുകൾക്ക് മികച്ച അടിത്തറയായി. അടിത്തറയുള്ള കുടുംബവും മഹല്ല് ജമാഅത്തുമായാൽ സാമൂഹിക നവോത്ഥാനം സാധ്യമായി. ഇതിനു കുടുംബമാവാൻ തുടങ്ങുന്നവരിലാണ് ബോധനം വേണ്ടതെന്ന് ആർക്കും എളുപ്പത്തിൽ ബോധ്യപ്പെടും.

പ്രീ മാരിറ്റൽ കോഴ്സ് എന്നത് വ്യവസ്ഥാപിതമായ ഒരു സംവധാനമായാണ് അവതരിപ്പിക്കപ്പെടുന്നത്. സമൂഹത്തിലെ ആണിനും പെണ്ണിനും ഇതിന്റെ ഗുണ ഫലങ്ങൾ അനുഭവിക്കാൻ സാധിക്കണം. ബഹുളമയമായ നമ്മുടെ സാമൂഹ്യ പാശ്ചാത്തലത്തിൽ നിന്നും സംഘടനാസാഹചര്യങ്ങളിൽ നിന്നും മാറി വേറിട്ട അസ്ഥിത്വവും സമീപനരീതിയും ഈ സംവിധാനത്തിനാവണം. വിട്ടുവീഴ്ചയില്ലാത്ത കാര്യക്ഷമതയും ക്രിയാത്മകമായ ആസൂത്രണ രീതികളുമുണ്ടെങ്കിൽ ഈ സംവിധാനം സാർത്ഥമാകും എന്ന് ഉറപ്പ്.

1. **കോഴ്സ് സമയം, കാലാവധി**
   * മൂന്ന് മാസകാലാവധിയിൽ 3 മണിക്കൂറിന്റെ 7 മൊഡ്യൂളുകൾ
   * നടത്തിപ്പുസമയം അതാതു മഹല്ലുകൾക്ക് തീരുമാനിക്കാം
   * കുറഞ്ഞ എണ്ണം 30 കൂടിയത് 50
   * 30 എണ്ണം ഒരു മഹല്ലിൽ തികയാത്ത പക്ഷം അടുത്ത ഒന്നിലധികം മഹല്ലുകൾ യോജിച്ചോ പഞ്ചായത്തിലോ നടത്തണം.
   * ആൺ/പെൺ വേറെ വേറെയായിരിക്കും കോഴ്സുകൾ നടത്തപ്പെടുന്നത്

2. **നിബന്ധനകൾ**
   * ആൺകുട്ടികൾക്ക് 20 വയസ്സ് തികയണം
   * പെൺകുട്ടികൾക്ക് 16 വയസ്സ് തികയണം
   * ഓരോ പഠിതാവും ഓരോ ക്ലാസിലും 100 രൂപ വീതം ഫീസ് അടക്കണം, ഇതിന് പുറമെ അഡ്മിഷൻ ഫീസ്/സെന്റർ ഫീ 50 രൂപ
   * സംസ്ഥാന ഓഫീസിലേക്ക് രജിസ്ട്രേഷൻ & സർട്ടിഫിക്കറ്റ് തുകയായി ഓരോ സെന്ററും 600 രൂപ അടക്കണം
   * കോഴ്സ് പൂർത്തിയാക്കുന്നവർക്ക് സംസ്ഥാന നേതാക്കളുടെ ഒപ്പ് രേഖപ്പെടുത്തിയ സർട്ടിഫിക്കറ്റ്
   * ഓരോ സെന്ററിലേയും കോഴ്സ് പൂർത്തിയാക്കുന്നമുറക്ക് പരീക്ഷ നടത്തി സർട്ടിഫിക്കറ്റ് വിതരണം ചെയ്യാം.

## വിശദവിവരങ്ങൾക്ക് ബന്ധപ്പെടുക :

**സി. ടി അബ്ദുൽ ഖാദർ : 9846074605**
**എ. കെ ആലിപ്പറമ്പ് : 9961081443**